# 2008-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

1989-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1989-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ആക്റ്റ്, ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തൊൻപതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2008-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2008 ജനുവരി 16-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 3-ാം വകുപ്പിനുള്ള ഭേദഗതി.—1989-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1989-ലെ 2), (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിലെ,—

(1) (i)-ാം ഉപഖണ്ഡത്തിൽ "അറുപത് വയസ്സ്" എന്ന വാക്കുകൾക്കു പകരം "അൻപത്തെട്ട് വയസ്സ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(2) (ii)-ാം ഉപഖണ്ഡത്തിൽ "അറുപത് വയസ്സ്" എന്ന വാക്കുകൾക്കു പകരം "അൻപത്തെട്ട് വയസ്സ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് .

3. 5-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ, "പദ്ധതിയിൽ" എന്ന വാക്കുകൾക്കുശേഷം "പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 58 വയസിൽ വിരമിക്കേണ്ടി വന്ന കൈത്തറിത്തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനുള്ള പ്രത്യേക വ്യവസ്ഥ.— പ്രധാന ആക്റ്റിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും കാരണത്താൽ 58 വയസ്സിൽ വിരമിക്കേണ്ടി വന്ന കൈത്തറിതൊഴിലാളികൾക്കും പെൻഷന് അർഹത ഉണ്ടായിരിക്കുന്നതും എന്നാൽ, അവർക്ക് പെൻഷൻ കുടിശ്ശികയ്ക്ക് അർഹത ഇല്ലാതിരിക്കുന്നതുമാണ്.

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2008-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2008-ലെ 24) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.